**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 368** **16-09-2025 - ൽ മറുപടിയ്ക്ക്**

**ഡിജി കേരള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. സുമോദ്,<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീമതി യു പ്രതിഭ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | രാജ്യത്തെ സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരത നേടിയ ആദ്യ സംസ്ഥാനമായി കേരളത്തെ മാറ്റിത്തീർക്കുന്നതിന് എന്തെല്ലാം പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിയതെന്ന് വിശദമാക്കുമോ; | (എ) | **വിവരസാങ്കേതിക മേഖലയിലെ മുന്നേറ്റം എല്ലാ വിഭാഗം ജനങ്ങളിലേക്കും പ്രായോഗികമായി എത്തിച്ച് എല്ലാ വിഭാഗം ജനങ്ങൾക്കും പ്രായഭേദമന്യേ അടിസ്ഥാന ഡിജിറ്റൽ സാക്ഷരത നൽകി രാജ്യത്തെ ആദ്യ സമ്പൂർണ ഡിജിറ്റൽ സാക്ഷരത സംസ്ഥാനമായി കേരളത്തെ മാറ്റുന്നതിനുള്ള പദ്ധതിയാണ് ' ഡിജി കേരളം - സമ്പൂർണ ഡിജിറ്റൽ സാക്ഷരത പദ്ധതി' . വിവരശേഖരണ പ്രക്രിയ വഴി 14 വയസ്സിന് മുകളിലുള്ള പൗരന്മാരിൽ ഡിജിറ്റൽ സാക്ഷരരല്ലാത്തവരെ കണ്ടെത്തിയ ശേഷം പരിശീലനം സിദ്ധിച്ച വോളണ്ടിയർമാർ മുഖേന അവർക്ക് അടിസ്ഥാന ഡിജിറ്റൽ സാക്ഷരത ലഭിക്കുന്നതിന് വേണ്ടി ശാസ്ത്രീയമായി തയ്യാറാക്കിയ മോഡ്യൂളുകൾ ഉപയോഗിച്ച് പരിശീലനം നൽകിയിട്ടുണ്ട്. 14 വയസ്സ് മുതൽ 65 വയസ്സ് പ്രായമുള്ള എല്ലാവരെയും നിർബന്ധിത മൂല്യ നിർണ്ണയത്തിന്റെ ഭാഗമാക്കിയിട്ടുണ്ട്.** |
| (ബി) | പഠിതാക്കളെ കണ്ടെത്തുന്നതിനും പരിശീലനങ്ങൾ നൽകുന്നതിനും ഏതെല്ലാം ഏജൻസികളുടെ ഏകോപനവും സഹകരണവും ഉറപ്പ് വരുത്തുന്നതിന് കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കുമോ; | (ബി) | കുടുംബശ്രീ പ്രവർത്തകർ, ഓക്സിലറി ഗ്രൂപ്പ് അംഗങ്ങൾ,സാക്ഷരതാ മിഷൻ പ്രേരക്മാർ, എസ്.സി.-എസ്.റ്റി. പ്രൊമോട്ടർമാർ, തൊഴിലുറപ്പ് പദ്ധതി മേറ്റുമാർ, NSS, NCC, NYK, സന്നദ്ധ സേനവോളണ്ടിയർമാർ, ലൈബ്രറി കൗൺസിൽ, യുവജനക്ഷേമ ബോർഡ്, സന്നദ്ധ സംഘടനകൾ, യുവതീ-യുവാക്കൾ, വിദ്യാർത്ഥികൾ എന്നിവരിൽ ഉൾപ്പെട്ട ഡിജിറ്റൽ സാക്ഷരരായ വോളണ്ടിയർമാരെ ഉപയോഗിച്ചാണ് വിവരശേഖരണവും പരിശീലനവും മൂല്യനിർണ്ണയവും നടത്തിയത്. കൂടാതെ ഒരു വെബ് പോർട്ടലും, മൊബൈൽ ആപ്ലിക്കേഷനും തയ്യാറാക്കിയിരുന്നു. |

| | | | |
|---|---|---|---|
| (സി) | സാക്ഷരതയെന്നാൽ എഴുത്തും വായനയും മാത്രമല്ല ഇന്റർനെറ്റ് അധിഷ്ഠിത ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ ഉപയോഗവും കൂടിയാണെന്ന് ലോകത്തിന് മാതൃക കാണിക്കാൻ ഡിജി കേരള പദ്ധതിയിലൂടെ സാധിച്ചിട്ടുണ്ടോയെന്ന് വിലയിരുത്തിയിട്ടുണ്ടോ? | (സി) | ഉണ്ട്. ഡിജി കേരളം പദ്ധതി രാജ്യത്തെ തന്നെ ആദ്യത്തെ സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരതാ പദ്ധതിയാണ്. പ്രസ്തുത നേട്ടം കൈവരിയ്ക്കുക വഴി സാക്ഷരത എന്നാൽ എഴുത്തും വായനയും മാത്രമല്ല ഇന്റർനെറ്റ് അധിഷ്ഠിത ഡിജിറ്റൽ സാങ്കേതികവിദ്യയുടെ ഉപയോഗവും കൂടിയാണെന്ന മാതൃകയാവാൻ കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ